# കേരളസർവകലാശാല

## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2022

## സപ്ലിമെന്ററി അലോട്ട്മെന്റിൽ പുതിയ രജിസ്ട്രേഷൻ /ഓപ്ഷൻ നൽകുന്നതിനും ഓൺലൈൻ അപേക്ഷയിൽ തിരുത്തലിനും അവസരം

### നിർദ്ദേശങ്ങൾ

- നിലവിൽ രജിസ്ട്രഷൻ ചെയ്യാത്ത എല്ലാ വിദ്യാർത്ഥികൾക്കും ഒന്നാം വർഷ പി.ജി പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനത്തിന് **02.09.2022** മുതൽ **12.09.2022** വരെ പുതിയ രജിസ്ട്രേഷൻ നടത്താവുന്നതാണ്.
- നിലവിൽ രജിസ്ട്രേഷനുള്ള, എല്ലാവർക്കും പുതിയ ഓപ്ഷനുകൾ ചേർക്കൽ, റീവാല്യൂവേഷൻ, ഗ്രേസ് മാർക്ക്, കാറ്റഗറി മാറ്റം തുടങ്ങി എല്ലാ തിരുത്തലുകൾക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്..
- നിലവിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് അക്കാദമിക് വിവരങ്ങളിൽ മാത്രമേ (മാർക്കിലെ തിരുത്തലുകൾ ഉൾപ്പടെ) മാറ്റങ്ങൾ വരുത്താൻ സാധിക്കുകയുള്ളൂ.
- മുൻ അലോട്ട്മെന്റുകളിൽ ഫീസ് ഒടുക്കാതെ അലോട്ട്മെന്റ് റദ്ദായ അപേക്ഷകരും, ഫീസ് അടച്ചിട്ടും കോളേജിൽ പ്രവേശനം നേടാൻ സാധിക്കാത്ത വിദ്യാർത്ഥികളും ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേർഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം 'Reconsider' എന്ന ടാബ് (Tab) ൽ ക്ലിക്ക് ചെയ്ത ശേഷം പുതിയതായി ഓപ്ഷനുകൾ നൽകേണ്ടതാണ്.
- നിലവിൽ permanent അഡ്മിഷൻ എടുത്ത വിദ്യാർത്ഥികളുടേയും, രണ്ടാം ഘട്ട അലോട്ട്മെന്റിൽ Temporary അഡ്മിഷൻ എടുത്തശേഷം മൂന്നാം ഘട്ട അലോട്ട്മെന്റിൽ permanent അഡ്മിഷൻ എടുക്കാതെ അഡ്മിഷൻ നഷ്ടമായ വിദ്യാർത്ഥികളുടേയും മുൻ അലോട്ട്മെന്റുകളിൽ നൽകിയ ഓപ്ഷനുകൾ ഒന്നും തന്നെ ഈ അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതല്ല. പ്രസ്തുത വിദ്യാർത്ഥികൾ സപ്ലിമെന്ററി അലോട്ട്മെന്റിൽ പരിഗണിക്കപ്പെടുന്നതിലേക്കായി പുതിയതായി ഓപ്ഷനുകൾ നൽകേണ്ടതാണ്.
- പ്രൊഫൈൽ തിരുത്തൽ, വീണ്ടും പരിഗണിക്കൽ (Reconsider) എന്നിവ ആവശ്യമുള്ള എല്ലാ വിദ്യാർത്ഥികളും (സർവകലാശാലയിൽ അപേക്ഷ നൽകിയിട്ടുള്ള വിദ്യാർത്ഥികളും) ടി തീയതിക്കുള്ളിൽ തന്നെ സ്വയമായി പ്രസ്തുത മാറ്റങ്ങൾ വരുത്തേണ്ടതാണ്.
- തിരുത്തലുകൾ വരുത്തി കഴിഞ്ഞാൽ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്.
- നിലവിൽ സ്പോർട്സ് ക്വാട്ട രജിസ്റ്റർ ചെയ്യാത്തവർക്ക് ഈ അവസരം പ്രയോജനപ്പെടുത്തി പ്രൊഫൈലിൽ ലോഗിൻ ചെയ്ത് സ്പോർട്സ് ക്വാട്ട അലോട്ട്മെന്റിലേക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. നിലവിൽ സ്പോർട്സ് ക്വാട്ട രജിസ്ട്രേഷൻ ഉള്ളവർക്കും സർട്ടിഫിക്കറ്റുകൾ റിജക്ട് ആയ വിദ്യാർത്ഥികൾക്കും പുതിയ സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യാവുന്നതാണ്.

## കമ്മ്യൂണിറ്റി ക്വാട്ട അഡ്മിഷൻ

- എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്ക് ബന്ധപ്പെട്ട വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ഓൺലൈനായി സെപ്റ്റംബർ 02 മുതൽ 12 വരെ അപേക്ഷിക്കാവുന്നതാണ്. വിദ്യാർത്ഥികൾ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് കമ്മ്യൂണിറ്റി ക്വാട്ട ലിങ്ക് ഉപയോഗിച്ച് താല്പര്യമുള്ള വിഷയങ്ങൾ/കോളേജുകൾ പ്രത്യേക ഓപ്ഷനായി നൽകേണ്ടതാണ്. വിദ്യാർത്ഥിയുടെ കമ്മ്യൂണിറ്റി അടിസ്ഥാനമാക്കി അവർക്ക് അപേക്ഷിക്കാൻ സാധിക്കുന്ന കോളേജുകൾ മാത്രമേ കമ്മ്യൂണിറ്റി ക്വാട്ട ഓപ്ഷനായി കാണിക്കുകയുള്ളൂ. ഓപ്ഷനുകൾ നൽകിയതിന് ശേഷം സേവ് ചെയ്ത് അതിന്റെ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കുക. പ്രിന്റൗട്ടിന്റെ പകർപ്പ് കോളേജിലേക്കോ സർവ്വകലാശാലയിലേക്കോ അയയ്ക്കേണ്ടതില്ല. ആയത് അഡ്മിഷൻ സമയത്ത് കോളേജിൽ ഹാജരാക്കേണ്ടതാണ്.

## മാനേജ്മെന്റ് ക്വാട്ട അഡ്മിഷൻ

- മാനേജ്മെന്റ് ക്വാട്ട അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ടി അവസരം പ്രയോജനപ്പെടുത്തി പ്രൊഫൈൽ രജിസ്റ്റർ ചെയ്തതിനുശേഷം പ്രിന്റൗട്ടുമായി അഡ്മിഷൻ ആഗ്രഹിക്കുന്ന കോളേജിൽ ഹാജരാകേണ്ടതാണ്.